ലോകബാങ്ക് സഹായത്തോടെ സർക്കാർ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി

127 (1596) ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ലോകബാങ്കിൽ നിന്നും ലഭ്യമായിട്ടുള്ള സാമ്പത്തിക സഹായത്തിൽ നിന്നും ഗവൺമെന്റ് ആശുപത്രികളിലെ ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് തുടങ്ങിയവരുടെ തസ്തികകൾ സൃഷ്ടിക്കാൻവേണ്ടി എത്ര ശതമാനം സംഖ്യ നീക്കിവെയ്ക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

ലോകബാങ്ക് സഹായം ലഭ്യമായതിന് ശേഷമേ തീരുമാനിക്കാനാവൂ.

ജനന നിയന്ത്രണ പരിപാടികളിൽ പുരുഷന്മാരുടെ പങ്കാളിത്തം

128 (1597) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ആകെ എത്രപേർ ജനന നിയന്ത്രണ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുണ്ട് ;

(ബി) അവരിൽ സ്ത്രീകൾ എത്ര ; പുരുഷന്മാർ എത്ര ;

(സി) ജനന നിയന്ത്രണ പരിപാടികൾ സ്ത്രീകളെ മാത്രം ഉദ്ദേശിച്ചുള്ളതാണെന്ന ചിന്താഗതി വളർന്നുവന്നിട്ടുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ, ജനന നിയന്ത്രണ പരിപാടികളിൽ സ്ത്രീകളെപ്പോലെ പുരുഷന്മാരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനുതകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 8,19,931 പേർ.

(ബി) സ്ത്രീകൾ 8,12,997 പേർ, പുരുഷന്മാർ 6,934 പേർ.

(സി)&(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുടുംബാസൂത്രണ പ്രവർത്തനങ്ങളിൽ സ്ത്രീകൾക്ക് സ്വീകരിക്കാവുന്ന ജനന നിയന്ത്രണ മാർഗ്ഗങ്ങളേക്കാൾ കൂടുതൽ പ്രചാരം കൊടുത്തുകൊണ്ടിരിക്കുന്നത് പുരുഷ വന്ധ്യംകരണ ശസ്ത്രക്രിയയായ എൻ.എസ്.വി.ക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly